**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3712**

**21.06.2018 ലെ മറുപടിയ്ക്ക്**

**ജീവനക്കാരുടെ ഇൻഷ്വറൻസ് പോളിസി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**,, വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ഡോ: ടി. എം.തോമസ് ഐസക്**<br>ധനകാര്യവും കയറും വകുപ്പമന്ത്രി |
| **എ** | സംസ്ഥാന സർക്കാർ ജീവനക്കാരുടെ എസ്. എൽ. ഐ., ജി. ഐ. എസ്. എന്നിവ പൂർണമായും ഡിജിറ്റൈസ് ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എസ്.എൽ.ഐ, ജി.ഐ.എസ് എന്നീ പദ്ധതികളിലെ പോളിസി/അക്കൗണ്ട് സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. 10 ലക്ഷത്തോളം വരുന്ന എസ്.എൽ.ഐ പോളിസി ഫയലുകൾ ഡിജിറ്റൈസ് ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. |
| **ബി** | ജീവനക്കാർക്ക് എസ്. എൽ. ഐ., ജി. ഐ. എസ്. പോളിസി പ്രീമിയം തുകകൾ അടച്ചതിന്റെ വിശദാംശങ്ങൾ ലഭിക്കുന്നതിന് സാധിക്കുമോ; വ്യക്തമാക്കാമോ; | എസ്.എൽ.ഐ, ജി.ഐ.എസ് പോളിസി/അക്കൗണ്ടുകളിൽ പ്രീമിയം അടവു വിവരങ്ങൾ ഡി.ഡി.ഒ മാരിൽ നിന്നും ഓൺലൈനായി സ്വീകരിച്ചത് പരിശോധിച്ച് വരികയാണ്. പ്രസ്തുത പ്രവർത്തനങ്ങൾ പൂർത്തിയായാലുടൻ തന്നെ ടി പദ്ധതികളിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാർക്ക് പ്രീമിയം അടവ് വിവരങ്ങൾ ലഭ്യമാക്കാൻ സാധിക്കും. |
| **സി** | ഗ്രാമ പഞ്ചായത്തുകളിൽ ജോലി ചെയ്യുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്കും പ്രസ്തുത സേവനമാണോ ലഭിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഗ്രാമപഞ്ചായത്തുകളുൾപ്പെടെ സ്പാർക്ക് മുഖേനയല്ലാതെ ശമ്പളം വാങ്ങുന്ന ജീവനക്കാരുടെ എസ്.എൽ.ഐ, ജി.ഐ.എസ് പദ്ധതികളിലെ സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ